8731

വി.ആർ. 59305/2017/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം
08-08-2017

# സർക്കുലർ

**വിഷയം : പൊതുവിദ്യാഭ്യാസം-വിദ്യാരംഗം കലാസാഹിത്യവേദി-കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കൈയക്ഷര മത്സരം സംബന്ധിച്ച്.**

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് വിദ്യാരംഗം കലാസാഹിത്യവേദിയുമായി ചേർന്ന് ഹൈസ്കൂൾതല വിദ്യാർത്ഥികൾക്ക് ജില്ലാതലത്തിലും സംസ്ഥാനതലത്തിലും കൈയക്ഷരമത്സരം നടത്തുന്നു. ജില്ലാതല മത്സരത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 3000, 2000, 1000 രൂപ മുഖവിലയ്ക്കുള്ള പുസ്തകങ്ങൾ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പാരിതോഷികമായി നൽകും. സംസ്ഥാനതല മത്സരത്തിൽ വിജയികളാകുന്ന ഒന്നും രണ്ടും മൂന്നും സ്ഥാനക്കാർക്ക് 5000, 3000, 2000 രൂപ മുഖവിലയ്ക്കുള്ള പുസ്തകങ്ങൾ പാരിതോഷികമായി ലഭിക്കും. മത്സരങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച കാര്യങ്ങൾ താഴെ പറയും പ്രകാരമായിരിക്കും.

എല്ലാ ഹൈസ്കൂളുകളിൽനിന്നും മികച്ച കൈയക്ഷരമുള്ള കുട്ടിയുടെ രചനകൾ പ്രധാന അദ്ധ്യാപകന്റെ സാക്ഷ്യപത്രത്തോടൊപ്പം 10-09-2017-ന് മുമ്പായി ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകണം. ജില്ലാ വിദ്യാഭ്യാസ ഓഫീസർ പ്രസ്തുത രചനകളിൽ സ്ക്രീനിംഗ് നടത്തി 3 കുട്ടികളെ വീതം കണ്ടെത്തി കൈയെഴുത്തു രചനകളോടുകൂടി 25-09-2017 നു മുമ്പായി വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകണം. വിദ്യാഭ്യാസ ഉപഡയറക്ടർമാർ രചനകളിൽനിന്ന് ഒന്നും രണ്ടും മൂന്നും സ്ഥാനക്കാരെ കണ്ടെത്തേണ്ടതും പ്രസ്തുത രചനകൾ 31-10-2017 നു മുമ്പായി പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഏല്പിക്കേണ്ടതുമാണ്. സംസ്ഥാനതലത്തിലെ ആദ്യ മൂന്നു സ്ഥാനക്കാരെ പൊതുവിദ്യാഭ്യാസ ഡയറക്ടർ നിശ്ചയിക്കുന്നതാണ്.

ജില്ലാതലത്തിലും സംസ്ഥാനതലത്തിലും വിജയികളാകുന്നവർക്ക് പാരിതോഷികമായി ലഭിക്കുന്ന പുസ്തകങ്ങൾ വിദ്യാരംഗം കലാസാഹിത്യവേദിയുടെ സംസ്ഥാന സർഗ്ഗോത്സവ വേദിയിൽ വച്ച് വിതരണം ചെയ്യുന്നതാണ്.

പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് കൈയെഴുത്തുരചനകൾ അയയ്ക്കേണ്ട വിലാസം: എഡിറ്റർ, വിദ്യാരംഗം, വിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജഗതി, തിരുവനന്തപുരം-695 014

പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

**പുറത്തെഴുത്ത് നമ്പർ -ജെ6/11160/2017(1) തിയ്യതി 23.08.2017**

മേൽ സർക്കുലറിന്റെ പകർപ്പ് എല്ലാ ജില്ലാവിദ്യാഭ്യാസ ഓഫീസർമാർക്കും അറിവിലേക്കും അടിയന്തിര നടപടികൾക്കുമായി നൽകുന്നു. സർക്കുലർ പ്രകാരം മത്സരങ്ങൾ നടത്തി 1,2,3 സ്ഥാനം ലഭിച്ച രചനകൾ 25.09.2017 ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

...THI. K.
Depu... Education)
THRISSUR

പുറത്തെഴുത്ത് നമ്പർ B5/8731/2017 Dt 19.9.17

സർക്കുലറിന്റെ പകർപ്പ് എല്ലാ പ്രധാന അദ്ധ്യാപകരുടെയും അറിവിലേക്കായി നൽകുന്നു. സർക്കുലറിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള രചനകൾ 22/9/2017ന് മുമ്പായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

ജി.വി.ഒ.